REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 15-05-2026** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- നിയുക്ത മുഖ്യമന്ത്രി VD സതീശന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ നിയമനക്കത്ത് കൈമാറി. മന്ത്രിസഭാ രൂപീകരണ ചർച്ചകൾക്ക് ഇന്ന് തുടക്കമാകും. UDF നേതൃയോഗവും ഇന്ന്.
- CPIM നിയമസഭാ കക്ഷി നേതാവായി പൊളിറ്റ്ബ്യൂറോ അംഗം പിണറായി വിജയനെ തിരഞ്ഞെടുത്തു.
- പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആറു ദിവസത്തെ വിദേശ സന്ദർശനം ഇന്ന് തുടങ്ങും.
- റദ്ദാക്കിയ നീറ്റ് പരീക്ഷയ്ക്ക് പകരം നടത്തുന്ന പരീക്ഷയുടെ തയ്യാറെടുപ്പുകൾ ഇന്നലെ കേന്ദ്രമന്ത്രി ധർമ്മേന്ദ്ര പ്രധാൻ ഉന്നതതല യോഗത്തിൽ വിലയിരുത്തി.
- സംസ്ഥാനത്തെ SSLC പരീക്ഷാഫലം ഉച്ച കഴിഞ്ഞ് മൂന്നിന് പ്രഖ്യാപിക്കും.

## വാർത്തകൾ വിശദമായി

കോൺഗ്രസ് നിയമസഭാ കക്ഷി നേതാവായി തിരഞ്ഞെടുത്ത നിയുക്ത മുഖ്യമന്ത്രി VD സതീശന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ നിയമനക്കത്ത് കൈമാറി. ഇന്നലെ വൈകിട്ട് നിയമസഭാ കക്ഷി യോഗത്തിനു ശേഷം സഖ്യകക്ഷികളുടെ അടക്കം പിന്തുണയറിയിക്കുന്ന MLA മാരുടെ കത്തുകൾ സതീശൻ ഗവർണർക്ക് സമർപ്പിച്ച് മന്ത്രിസഭാ രൂപീകരണത്തിന് അവകാശമുന്നയിച്ചു. നിയുക്ത മുഖ്യമന്ത്രിയ്ക്ക് ഗവർണർ ആശംസ നേർന്നു.

കേരളത്തിന്റെ 24-ാമത് മുഖ്യമന്ത്രിയായി തിങ്കളാഴ്ച VD സതീശൻ സത്യപ്രതിജ്ഞ ചെയ്യും. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ രാവിലെ പത്തിനാണ് സത്യപ്രതിജ്ഞാചടങ്ങ്.

ഇന്നലെ വൈകിട്ട് കേന്ദ്ര നിരീക്ഷകരുടെ സാന്നിധ്യത്തിൽ ചേർന്ന നിയമസഭാകക്ഷിയോഗത്തിലാണ് സതീശനെ നേതാവായി തിരഞ്ഞെടുത്തത്. നിയമസഭാകക്ഷി യോഗത്തിൽ നിന്ന് മുതിർന്ന നേതാവ് രമേശ് ചെന്നിത്തല വിട്ടുനിന്നു. എന്നാൽ സതീശനെ പിന്തുണയ്ക്കുന്ന കത്ത് അദ്ദേഹം നേതൃത്വത്തിന് കൈമാറി.

✪✪✪

സംസ്ഥാന മന്ത്രിസഭാ രൂപീകരണ ചർച്ചകൾക്ക് ഇന്ന് തുടക്കമാകും. കേരളത്തിന്റെ ചുമതല വഹിക്കുന്ന AICC ജനറൽ സെക്രട്ടറി ദീപാദാസ് മുൻഷിയുടെ നേതൃത്വത്തിലായിരിക്കും യോഗം. AICC ജനറൽ സെക്രട്ടറി KC വേണുഗോപാലും യോഗത്തിൽ പങ്കെടുത്തേക്കും.

UDF നേതൃയോഗവും ഇന്ന് ചേരും.

✪✪✪

CPIM നിയമസഭാ കക്ഷി നേതാവായി പൊളിറ്റ്ബ്യൂറോ അംഗം പിണറായി വിജയനെ തിരഞ്ഞെടുത്തു. തിരുവനന്തപുരത്ത് ചേർന്ന CPIM സംസ്ഥാനകമ്മിറ്റിയോഗമാണ് അദ്ദേഹത്തെ നിയമസഭാ കക്ഷി നേതാവായി തിരഞ്ഞെടുത്തത്. നിയമസഭാ തിരഞ്ഞെടുപ്പിൽ തിരിച്ചടിയുണ്ടായെങ്കിലും, പ്രതിപക്ഷ നേതാവായി പിണറായി വിജയനെ തന്നെ നിയമിക്കാൻ സംസ്ഥാന സമിതി ഒറ്റക്കെട്ടായി തീരുമാനിക്കുകയായിരുന്നുവെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ അറിയിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആറ് ദിവസത്തെ വിദേശ സന്ദർശനം ഇന്ന് തുടങ്ങും. ഇന്ന് UAE യിലെത്തുന്ന പ്രധാനമന്ത്രി, പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനുമായി കൂടിക്കാഴ്ച നടത്തും. പ്രധാന മന്ത്രിക്കായി UAE യിൽ വിപുലമായ സ്വീകരണ പരിപാടികളാണ് ഒരുക്കിയിട്ടുണ്ടെന്ന് UAE അന്താരാഷ്ട്ര സഹകരണ സഹമന്ത്രി റീം ബിന്റ് ഇബ്രാഹിം അൽ ഹാഷിമി പറഞ്ഞു.

ഊർജ്ജ സുരക്ഷ ചർച്ചയിൽ പ്രധാന വിഷയമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. UAE യ്ക്ക് പുറമെ നെതർലാൻഡ്സ്, സ്വീഡൻ, നോർവേ, ഇറ്റലി എന്നീ രാജ്യങ്ങളാണ് പ്രധാനമന്ത്രി സന്ദർശിക്കുന്നത്.

✪✪✪

ബ്രിക്സ് രാജ്യങ്ങൾ സുസ്ഥിര വികസനവും, സാമ്പത്തിക ഭദ്രതയും, ബഹുമുഖ പ്രശ്നപരിഹാരവും ശക്തിപ്പെടുത്താൻ ഇന്ത്യയുടെ നേതൃത്വത്തിൽ ഒറ്റക്കെട്ടായി പ്രവർത്തിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ന്യൂഡൽഹിയിൽ ഇന്നലെ പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയ വിദേശകാര്യ മന്ത്രിമാരോടും, പ്രതിനിധി സംഘത്തലവൻമാരോടും സംസാരിക്കുകയായിരുന്നു അദ്ദേഹം. പുതിയ സാമ്പത്തിക ശക്തികളായി മാറുന്ന രാജ്യങ്ങൾക്കിടയിൽ സഹകരണം വളർത്താനും, ആഗോള ദക്ഷിണ മേഖലയുടെ ശബ്ദവും, അഭിലാഷങ്ങളും ഉന്നയിക്കാനും ബ്രിക്സ് സുപ്രധാന വേദിയായി മാറിക്കഴിഞ്ഞിട്ടുണ്ടെന്നും നരേന്ദ്രമോദി വ്യക്തമാക്കി.

✪✪✪

ചോദ്യപേപ്പർ ചോർച്ചയെത്തുടർന്ന് റദ്ദാക്കിയ  നീറ്റ് പരീക്ഷയ്ക്ക് പകരം നടത്തുന്ന പരീക്ഷയുടെ തയ്യാറെടുപ്പുകൾ ഇന്നലെ കേന്ദ്രമന്ത്രി ധർമ്മേന്ദ്ര പ്രധാൻ  ഉന്നതതല യോഗത്തിൽ വിലയിരുത്തി.  നീറ്റ് പരീക്ഷ സുഗമമായും കാര്യക്ഷമമായും നടത്തുന്നതിന്റെ വിവിധ വശങ്ങളെക്കുറിച്ച് യോഗം വിശദ ചർച്ച നടത്തി.

ഉന്നത വിദ്യാഭ്യാസ സെക്രട്ടറി, സ്കൂൾ വിദ്യാഭ്യാസ സെക്രട്ടറി, നാഷണൽ ടെസ്റ്റിംഗ് ഏജൻസി ഡയറക്ടർ ജനറൽ, CBSE ചെയർപേഴ്സൺ, കേന്ദ്രീയ വിദ്യാലയ സംഗതൻ, നവോദയ വിദ്യാലയ സമിതി എന്നിവയുടെ കമ്മീഷണർമാർ, മറ്റ് മുതിർന്ന ഉദ്യോഗസ്ഥർ എന്നിവരുൾപ്പെടെ മുതിർന്ന ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു.

NEET പരീക്ഷാ ചോദ്യ പേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് CBI ഇന്നലെ രണ്ടു പേരെ കൂടി അറസ്റ്റു ചെയ്തു.അഹല്യനഗർ സ്വദേശി ധനഞ്ജയ് ലോഖണ്ഡെ, പൂനെ  സ്വദേശി മനീഷ വാഗ്മാരെ എന്നിവരാണ് അറസ്റ്റിലായത്.

✪✪✪

ഉത്തർപ്രദേശിൽ കഴിഞ്ഞ 36 മണിക്കൂറിൽ ശക്തമായ കാറ്റിലും, മഴയിലും, മിന്നലിലും 111 പേർ മരിച്ചു. 200 ലേറെ പേർക്ക് പരിക്കേറ്റു.  നൂറ് കിലോമീറ്ററോളം വേഗത്തിൽ ആഞ്ഞടിച്ച കാറ്റിനൊപ്പം കനത്ത മഴയും, ആലിപ്പഴ വർഷവുമുണ്ടായി.

റെയിൽപ്പാളങ്ങളിലേക്ക് മരങ്ങൾ വീണ് പട്ന- രാജധാനി അടക്കം നിരവധി ട്രെയിനുകൾ സ്റ്റേഷനുകളിൽ പിടിച്ചിട്ടു. മഴയ്ക്കൊപ്പമുണ്ടായ ആലിപ്പഴ വർഷവും പരക്കെ നാശനഷ്ടമുണ്ടാക്കി. ഒട്ടേറെ വീടുകൾ പാടെ തകർന്നു. മരങ്ങൾക്കുതാഴെ അഭയം തേടിയ നിരവധി പേർക്ക് മിന്നലേറ്റു.

 പ്രയാഗ്‌രാജ്, ഭദോഹി,  മിർസാപൂർ, ബത്തേപ്പൂർ, വാരണാസി മേഖലയിലാണ് മഴയും കൊടുങ്കാറ്റും ഏറെ നാശമുണ്ടാക്കിയത്.

✪✪✪

സ്വർണാഭരണ കയറ്റുമതിക്കാർക്ക്, ഇറക്കുമതി ചെയ്യാവുന്ന അസംസ്കൃത സ്വർണത്തിന്റെ അളവിന് കേന്ദ്രഗവണ്മെന്റ് പരിധി നിശ്ചയിച്ചു. ആഭരണ നിർമ്മാണത്തിന് ഡ്യൂട്ടിയില്ലാതെ കൊണ്ടുവരാവുന്ന സ്വർണത്തിന്റെ അളവ് നൂറ് കിലോയായി പരിമിതപ്പെടുത്തി. വിദേശ വ്യാപാര ഡയറക്ടറേറ്റ് ജനറലാണ് ഉത്തരവിറക്കിയത്. ഇറക്കുമതി സ്വർണത്തിന്റെ പകുതിയെങ്കിലും ആഭരണങ്ങളാക്കി കയറ്റുമതി ചെയ്ത ശേഷമേ കൂടുതൽ സ്വർണം കൊണ്ടുവരാൻ അനുമതി നൽകൂ എന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

✪✪✪

പരുത്തിയുടെ ഇറക്കുമതി തീരുവ പിൻവലിക്കണമെന്ന് തമിഴ്നാട് മുഖ്യമന്ത്രി ജോസഫ് വിജയ് പ്രധാനമന്ത്രി നരേന്ദ്ര മോദിയോട് അഭ്യർത്ഥിച്ചു. രാജ്യത്ത് തുണിത്തരങ്ങളും വസ്ത്രങ്ങളും കയറ്റുമതി ചെയ്യുന്ന ഏറ്റവും വലിയ സംസ്ഥാനം നേരിടുന്ന പ്രശ്നങ്ങളിൽ ഇടപെടണമെന്ന് പ്രധാനമന്ത്രിക്ക് അയച്ച കത്തിൽ  വിജയ് ആവശ്യപ്പെട്ടു.

✪✪✪

തമിഴ്നാട്ടിൽ അണ്ണാ DMKയിലെ പിളർപ്പ് പൂർണമായി.  ജനറൽ സെക്രട്ടറി എടപ്പാടി പളനിസ്വാമി SP വേലുസ്വാമി പക്ഷത്തിനെതിരെ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർക്ക്  പരാതി നൽകി. സ്പീക്കർ  JCD പ്രഭാകരുമായി ചർച്ചചെയ്ത് വിഷയത്തിൽ ഉചിതമായ തീരുമാനമെടുക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

TVK ഗവൺമെന്റിനെതിരെ വോട്ട് ചെയ്യണമെന്ന വിപ്പ് അംഗീകരിക്കാതെ വേലുസ്വാമിയുടെ നേതൃത്വത്തിൽ 25  MLA മാർ  വോട്ടു ചെയ്തതോടെയാണ് അണ്ണാ DMK യിൽ പിളർപ്പുണ്ടായത്.

✪✪✪

സംസ്ഥാനത്തെ SSLC പരീക്ഷാഫലം  ഉച്ച കഴിഞ്ഞ് മൂന്നിന്  പ്രഖ്യാപിക്കും. സെക്രട്ടറിയേറ്റ് P.R ചേംബറിൽ പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയും DGEയും ചേർന്നാണ്  പ്രഖ്യാപനം നടത്തുന്നത്. പരീക്ഷാഫലം  ഔദ്യോഗിക വെബ്സൈറ്റുകളിലും, സംസ്ഥാന  ഗവൺമെന്റിന്റെ ഏകീകൃത സേവന പ്ലാറ്റ്ഫോമായ 'നമ്മുടെ കേരളം' ആപ്പിലൂടെയും ലഭ്യമാകും. നാല് ലക്ഷത്തി 17,000 ത്തിലധികം വിദ്യാർത്ഥികളാണ് പരീക്ഷയെഴുതിയത്.

✪✪✪

സംസ്ഥാനത്തെ സ്കൂളുകളുടെ സുരക്ഷാ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്ന ചുമതല തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകി പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവിറക്കി. ജൂൺ ഒന്നിന് പുതിയ അധ്യയന വർഷം ആരംഭിക്കുന്ന സാഹചര്യത്തിൽ, സ്കൂൾ കെട്ടിടങ്ങളുടെയും പരിസരത്തിന്റെയും സുരക്ഷ ഉറപ്പാക്കുന്നതിനായി പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളാണ് ഗവണ്മെന്റ് പുറപ്പെടുവിച്ചിരിക്കുന്നത്. ഫിറ്റ്നസ് പരിശോധനയ്ക്ക് 17 പോയിന്റ് ചെക്‌ലിസ്റ്റ് വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് മോട്ടോർ വാഹന വകുപ്പിൽ നിന്ന് പ്രത്യേകം വാങ്ങേണ്ടതാണ്.

✪✪✪

ആകാശവാണി ദേശീയതലത്തിൽ പ്രക്ഷേപണം ആരംഭിച്ചതിന്റെ 90-ാം വാർഷികത്തിന്റെ ഭാഗമായി കോഴിക്കോട് നിലയം സംഘടിപ്പിച്ച സാഹിത്യോത്സവം 'ലെഗസി -2026' സമാപിച്ചു. പ്രശസ്ത എഴുത്തുകാരൻ C .V ബാലകൃഷ്ണൻ സമാപനചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. 50 വർഷത്തിലേറെ ആകാശവാണിയുമായി പുലർത്തിവരുന്ന ബന്ധം അദ്ദേഹം അനുസ്മരിച്ചു. എൻജിനീയറിംഗ് മേധാവി R വാണി, പ്രോഗ്രാം മേധാവി KV ശരത് ചന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു. കോഴിക്കോട് ആകാശവാണിയുടെ 77-ാം പിറന്നാൾദിനത്തിലാണ് സാഹിത്യോത്സവം സമാപിച്ചത്.

✪✪✪

IPL ക്രിക്കറ്റിൽ ധർമ്മശാലയിൽ മുംബൈ ഇന്ത്യൻസ്, പഞ്ചാബ് കിംഗ്സിനെ ആറു വിക്കറ്റിന് തോൽപ്പിച്ചു.

ഇന്ന് ലക്നൌ സൂപ്പർ ജയന്റ്സ്, ചെന്നൈ സൂപ്പർ കിംഗ്സിനെ നേരിടും. ലക്നൗവിൽ രാത്രി ഏഴരയ്ക്കാണ് മത്സരം.

✪✪✪

കോഴിക്കോട് ജില്ലാ പ്രീമിയർ ഡിവിഷൻ ലീഗ് ഫുട്ബോൾ ടൂർണമെന്റിൽ, കോഴിക്കോട് സിറ്റി ജില്ലാ പൊലീസ് ടീം ചാമ്പ്യൻമാരായി. പിലോട്ടൺ സ്പോർട്സ് FC യാണ് റണ്ണറപ്പ്.

✪✪✪

തൊടുപുഴയിൽ യൂത്ത് ലീഗ് പ്രകടനത്തിനിടെ പ്രകോപനപരമായ മുദ്രാവാക്യം മുഴക്കിയതിന് ഇടുക്കി ജില്ലാകമ്മിറ്റിയെ യൂത്ത് ലീഗ് നേതൃത്വം സസ്പെൻഡ്

ചെയ്തു. വെള്ളാപ്പള്ളി നടേശനും, സുകുമാരൻ നായർക്കും എതിരെ മുദ്രാവാക്യം വിളിച്ചതിനാണ് നടപടി.

✪✪✪

കണ്ണൂർ ജില്ലയിലെ നടുവിൽ, ചപ്പാരപ്പടവ്, ആലക്കോട് പഞ്ചായത്തുകളിലെ പലയിടങ്ങളിലും ഇന്നലെ വൈകിട്ട് ഉണ്ടായ മഴയിലും ശക്തമായ കാറ്റിലും വ്യാപക നാശ നഷ്ടമുണ്ടായി. മരം വീണ് വീടുകൾക്ക് കേടു പറ്റി. റബ്ബർ, വാഴ കവുങ്ങ് കൃഷിക്ക് നാശം ഉണ്ടായി. മലയോരത്ത് മഴയോടൊപ്പം ആലിപ്പഴ വർഷവും ഉണ്ടായി. കനത്ത മഴയിൽതലശ്ശേരി നഗരത്തിലെ കടകളിൽ വെള്ളം കയറി .

മലപ്പുറം നിലമ്പൂർ മേഖലയിലും കനത്ത മഴ നാശമുണ്ടാക്കി. പലയിടത്തും മരം വീണ് ഗതാഗതവും, വൈദ്യുതിയും തടസ്സപ്പെട്ടു.

✪✪✪

പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾക്ക് ഊർജം നൽകി കാസർഗോഡ് കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിൽ തുടക്കം കുറിച്ച ജീവനം ജൈവ വൈവിധ്യ സമിതി വിജയകരമായ മൂന്നാം വർഷത്തിലേക്ക് .

കാസർകോട്ട് നിന്ന് P ജഗന്നിവാസൻ .

.....(VOICE)....

✪✪✪

കരിപ്പൂരിൽ നിന്ന് മൂന്നാമത്തെയും നാലാമത്തെയും ഹജ്ജ് വിമാനങ്ങൾ ഇന്നലെ രാത്രി ജിദ്ദയിലേക്ക് പോയി. വനിതാ തീർത്ഥാടകർ മാത്രമായിരുന്നു രണ്ട് വിമാനങ്ങളിലെയും യാത്രക്കാർ. മെഹ്റമില്ലാത്ത വനിതാതീർത്ഥാടകരുടെ മൂന്നാമത്തെ വിമാനം നാളെ പുലർച്ചെ 12-20 ന് പുറപ്പെടും. ഈ വിഭാഗത്തിൽ 4,470 പേരാണ് ഹജ്ജിന് പോകുന്നത്. വ്യാഴാഴ്ച പുറപ്പെട്ട വിമാനങ്ങളിലെ 286 തീർത്ഥാടകർ ഇന്നലെ സൗദിയിലെത്തി.

✪✪✪

---

*News Editor & News Reader: അനിൽ ചന്ദ്രൻ*
*News Team: മണികണ്ഠൻ, അനഘ*
*DEO : ഷീബ*